## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

### ഐ.എ.വൈ. ഭവനപദ്ധതി കരാറിലേർപ്പെട്ടവർക്ക് ധനസഹായം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 7323

14.07.2014 ൽ മറുപടിക്ക്

ചോദ്യം.

ഉത്തരം

| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് 2012-2013, 2013-2014 വർഷങ്ങളിൽ ഐ.എ.വൈ. ഭവനപദ്ധതിക്കായി കരാറിലേർപ്പെട്ട് വീട്പണി തുടങ്ങി പൂർത്തിയായ വർക്ക് ധനസഹായം മുഴുവനായി നൽകിയിട്ടുണ്ടോ ; | (എ) | 2012-13, 2013-14 വർഷങ്ങളിൽ ഇന്ദിര ആവാസ് യോജന ഭവന പദ്ധതിക്കായി കരാറിലേർപ്പെട്ട് വീട് പണി അനുവദിച്ചവർക്ക് കേന്ദ്ര വിഹിതവും, ആനുപാതിക സംസ്ഥാന വിഹിതവും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും ഭവന നിർമ്മാണ പുരോഗതി അനുസരിച്ച് ഗഡുക്കളായി നൽകുന്നുണ്ട്. സംസ്ഥാന സർക്കാർ യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചുതുമൂലമുണ്ടായ അധിക ബാധ്യതയിന്മേലുള്ള സർക്കാർ വിഹിതവും ചിലയിടങ്ങളിൽ ത്രിതല പഞ്ചായത്തുകൾ നീക്കിവയ്ക്കേണ്ട തുക പൂർണ്ണമായി വയ്ക്കാത്തതുകൊണ്ടും ധനസഹായം പൂർണമായും നൽകാൻ കഴിഞ്ഞിട്ടില്ല. |
| (ബി) | എത്രപേരാണ് 2012-13, 13-14 വർഷങ്ങളിൽ കരാറിലേർപ്പെട്ടതെന്നും എത്ര പേർ പൂർത്തീകരിച്ചുവെന്നും ജില്ല തിരിച്ച് വിശദമാക്കുമോ ; | (ബി) | <u>കരാറിൽ ഏർപ്പെട്ടവർ</u><br>2012-13 - 42963<br>2013-14 - 42532<br><br><u>വീട്പണി പൂർത്തിയാക്കിയവർ</u><br>2012-13 - 30917<br>2013-14 - 15105<br><br>ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | 2014-15 വർഷത്തിൽ ഐ.എ.വൈ. പദ്ധതിയിൽ എന്തു തുകയാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ; എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ ; | (സി) | 2014-15 വർഷത്തിൽ കേന്ദ്രഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റ് എല്ലാ വിഭാഗത്തിനും 70,000/- രൂപയാണ്. എന്നാൽ ഇത് സംസ്ഥാന സർക്കാർ എസ്.സി./ജനറൽ വിഭാഗത്തിന് 2 ലക്ഷം രൂപയും എസ്.റ്റി. വിഭാഗത്തിന് 2.5 ലക്ഷം രൂപയും നൽകിവരുന്നു. 2014-15 വർഷം തുകയൊന്നും വർദ്ധിപ്പിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | ഐ.എ.വൈ. പദ്ധതിയിൽ കേന്ദ്രവിഹിതം കഴിച്ചുള്ള തുക ത്രിതല പഞ്ചായത്തുകളാണോ നൽകുന്നതെന്ന് വ്യക്തമാക്കുമോ; സർക്കാർ ഇതിലേക്ക് പ്രത്യേക ഫണ്ടുകൾ അനുവദിച്ചിട്ടുണ്ടോ ? | (ഡി) | കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റായ 70,000/- രൂപയിൽ 17,500/- രൂപ സംസ്ഥാന വിഹിതമാണ്. കൂടാതെ യൂണിറ്റ് കോസ്റ്റ് 2 ലക്ഷവും, 2.5 ലക്ഷവുമാക്കി വർദ്ധിപ്പിച്ചതുമൂലമുണ്ടായ അധിക ബാധ്യതയിൽ 50,000/- രൂപ സർക്കാർ വഹിക്കുന്നുണ്ട്. ബാക്കിയുള്ള തുക ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 25:40:35 എന്ന അനുപാതത്തിലാണ് നൽകുന്നത്. |

Dny

സെക്ഷൻ ഓഫീസർ

അനുബന്ധം.

| ക്രമ നമ്പർ | ജില്ല | ലഭിച്ച അപേക്ഷ | | അനുവദിച്ച വീടുകൾ | | പൂർത്തിയായ വീടുകൾ | |
|---|---|---|---|---|---|---|---|
| | | 2012-13 | 2013-14 | 2012-13 | 2013-14 | 2012-13 | 2013-14 |
| 1 | തിരുവനന്തപുരം | 4508 | 4508 | 4301 | 4301 | 3836 | 3836 |
| 2 | കൊല്ലം | 4981 | 3395 | 4981 | 3312 | 3919 | 1375 |
| 3 | പത്തനംതിട്ട | 1989 | 1632 | 1989 | 1632 | 1467 | 350 |
| 4 | ആലപ്പുഴ | 3293 | 2821 | 3238 | 2589 | 2326 | 1374 |
| 5 | കോട്ടയം | 2237 | 2439 | 2235 | 2435 | 1741 | 1300 |
| 6 | ഇടുക്കി | 1983 | 1843 | 1983 | 1843 | 1152 | 658 |
| 7 | എറണാകുളം | 2114 | 3426 | 2114 | 3425 | 1723 | 1350 |
| 8 | തൃശ്ശൂർ | 4739 | 3343 | 4714 | 3314 | 3154 | 1141 |
| 9 | പാലക്കാട് | 4846 | 4402 | 4752 | 4203 | 3651 | 1340 |
| 10 | മലപ്പുറം | 4127 | 5600 | 5093 | 5545 | 3997 | 1154 |
| 11 | കോഴിക്കോട് | 3018 | 3190 | 3007 | 3169 | 1509 | 387 |
| 12 | വയനാട് | 1967 | 1863 | 1967 | 1863 | 887 | 207 |
| 13 | കണ്ണൂർ | 913 | 2980 | 913 | 2980 | 613 | 462 |
| 14 | കാസർകോഡ് | 1676 | 1921 | 1676 | 1921 | 942 | 171 |
| | ആകെ | 42391 | 43363 | 42963 | 42532 | 30917 | 15105 |